## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 701** **16.07.2012 ൽ മറുപടിക്ക്**

**സി.ബി.എസ്.ഇ, ഐ.സി.എസ്സ്.ഇ സ്കൂളുകളിൽ മലയാളം പഠനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഗീതാ ഗോപി<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. വി. ശശി<br>ശ്രീമതി ഇ.എസ്.ബിജിമോൾ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>( വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സി. ബി. എസ്. ഇ, ഐ. സി. എസ്സ്. ഇ സ്കൂളുകൾക്ക് എൻ.ഒ.സി നൽകിയിട്ടുണ്ട്; | (എ) 12.07.2012 വരെ 226 സി. ബി. എസ്. ഇ, ഐ. സി. എസ്സ്. ഇ സ്കൂളുകൾക്ക് എൻ.ഒ.സി നൽകിയിട്ടുണ്ട്; |
| (ബി) ഇത്തരം സ്കൂളുകളിൽ മലയാളം പഠനം നിർബന്ധമാക്കിയിട്ടുണ്ടോ; ഇതിനായുള്ള കേരള പാഠാവലി തയ്യാറാക്കിയിട്ടുണ്ടോ; | (ബി) 1.9.2011 ലെ സ.ഉ.(പി) നമ്പർ 183/2011/പൊ.വി. ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സ്കൂളുകളിൽ മലയാള ഭാഷാ പഠനം നിർബന്ധമാക്കിയിട്ടുണ്ട്. പുതിയ സ്കൂളുകൾക്ക് എൻ.ഒ.സി നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഈ വ്യവസ്ഥകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇത്തരം സ്ഥാപനങ്ങളിലെ 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങളുടെ ഒന്നാം ഭാഗം തയ്യാറാക്കി എസ്.സി.ഇ.ആർ.ടി യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) പ്രൈമറി, യു. പി, ഹൈസ്കൂൾ തുടങ്ങിയ ക്ലാസ്സുകളിൽ ആഴ്ചയിൽ എത്ര മണിക്കൂർ വീതം കേരള പാഠാവലി പഠിപ്പിക്കണമെന്നാണ് നിർദ്ദേശിച്ചുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) 45 മിനിട്ടുകൾ വീതമുള്ള 6 പിരീഡുകൾ കേരള പാഠാവലി പഠനത്തിനായി നിർദ്ദേശിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത നിർദ്ദേശങ്ങൾ ലംഘിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ? | (ഡി) | 1.9.2011 ലെ സ.ഉ.(പി) നമ്പർ.183/2011/പൊ.വി. ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സ്കൂളുകളിലും മലയാള ഭാഷാ പഠനം നിർബന്ധമാക്കിയിട്ടുള്ളതാണ്. ടി വിഷയത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ അന്വേഷണവിധേയമായി കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ